ശ്രീ. എൻ. ജി. ചാക്കോ : ഈ രാജ്യത്തെ തൊഴിലില്ലാത്തവരുടെ ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറുകാർ കണക്കെടുത്തിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ആ കണക്കനുസരിച്ച് ഇവിടെ എത്ര ആളുകൾ തൊഴിലില്ലാത്തവരായി ഉണ്ടെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോട്ടീസു കൂടാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. മത്തായി : ഈ റിപ്പോർട്ട് ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ റിപ്പോർട്ടാവശ്യപ്പെട്ടതനുസരിച്ചാണ്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കുവാൻ വേണ്ടി പ്ലാനിംഗ് കമ്മീഷൻ അഭിപ്രായപ്പെട്ടതനുസരിച്ചാണ്.

ശ്രീ. ടി. എ. മജീദ് : ആ റിപ്പോർട്ടിലെ അഭിപ്രായമനുസരിച്ചു പ്ലാനിംഗ് കമ്മീഷൻ ഏതെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനെ സംബന്ധിച്ച് പല ദിവസങ്ങളിലായി ചർച്ചകൾ നടത്തിയിട്ടുണ്ട്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയ്ക്കു ചില പോംവഴികൾ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെ സംബന്ധിച്ചു മാത്രമുള്ള ഒരു കമ്മിറ്റിയായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : സംസ്ഥാനത്തു് എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു തൊഴിലില്ലായ്മ നിവാരണ കമ്മിറ്റി എന്നല്ലേ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചോദ്യത്തിൽ അങ്ങനെ ഒരു സംശയത്തിനു വകയുണ്ടെങ്കിലും പ്രധാന്യം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെ സംബന്ധിച്ചിടത്തോളം ഉള്ളതാണ്.

ഇലക്ട്രിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി.

* 108. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള വൻകിട ഫാക്ടറി തിരുവിതാംകൂർ കൊച്ചിയിൽ സ്ഥാപിക്കുന്നതിനെപ്പറ്റി അന്വേഷിക്കാൻ ഒരു വിദഗ്ദ്ധസംഘം തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സന്ദർശനഫലം എന്തായി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഇലക്ട്രിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഒരു വിദേശ കമ്പനിയെ തിരുവിതാംകൂർ-കൊച്ചിയിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് നേരിൽ ചർച്ച നടത്താൻ ഒരു വിദഗ്ദ്ധസംഘം തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ട്.

(ബി) അവരുടെ സന്ദർശനം കഴിഞ്ഞു. അതിനെപ്പറ്റിയുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയാൻ പാടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നത് ഈ ഗവണ്മെൻറിലേക്കല്ല.

ശ്രീ. എൻ. ജി. ചാക്കോ : തിരുവിതാംകൂർ കൊച്ചിയിൽ അവർ എല്ലാം വിശദാംശങ്ങളും സന്ദർശിച്ചിട്ടുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ ഇവിടെ വന്ന് എവിടെയൊക്കെ പോയിട്ടുണ്ട് എന്ന നിശ്ചയമായി എനിക്കു പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ജി. ചാക്കോ : വൻതോതിൽ ഫാക്ടറി സ്ഥാപിക്കുന്നതിനു വേണ്ടി ഏതു സ്ഥലമാണ് അവർ തിരഞ്ഞെടുത്തിട്ടുള്ളത് എന്നതിനെപ്പറ്റി വല്ല അറിവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്ഥലം അല്പവാസ്തുതയ്ക്കുന്നതായിരുന്നു.

ശ്രീ. എം. വി. ചെറിയാൻ : സംസ്ഥാനത്തിന്റെ പല ഭാഗങ്ങളും സങ്കീർണ്ണമായി ഈ ഫാക്ടറിയും സ്ഥാപിക്കാൻ വല്ല സാദ്ധ്യതയുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സങ്കീർണ്ണമാക്കാൻ പാടില്ലെന്നുകൂടി എനിക്കഭിപ്രായമുണ്ട്.

ശ്രീ. ടി. ദിവാകരൻ : ഇലക്ട്രിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിൽ ഫാക്ടറിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമായ വിധത്തിൽ നിവേദനം നടത്തിയിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടത്തിയിട്ടുണ്ട്.

ശ്രീ. ടി. ദിവാകരൻ : ഇതുപോലെയുള്ള ഒരു ഫാക്ടറി മദ്രാസിലാണ് സ്ഥാപിക്കുവാൻ പോകുന്നതെന്നു മദ്രാസിലെ മന്ത്രി പറഞ്ഞിട്ടുള്ളതായി ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. പി. വി. അബൂബക്കർ : ഈ സംസ്ഥാനത്തു ഒരു സ്റ്റീൽ ഫാക്ടറി സ്ഥാപിക്കുന്നതിനായി ഈ വിദഗ്ദ്ധക്കമ്മിറ്റിയിൽ വല്ല നിർദ്ദേശവും ഉണ്ടായിരുന്നതായിട്ടറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നു തോന്നുന്നില്ല; വിശേഷിച്ചും ഇതു, ഹെവി ഇലക്ട്രിക്കൽ ഫാക്ടറിയെ സംബന്ധിച്ചുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly